## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. 1934 — 05/10/2016 -ൽ മറുപടിയ്ക്ക്.

### ശുദ്ധമായ പാലും പാലുല്പന്നങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പാലും പാലുല്പന്നങ്ങളും എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ: | (എ) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) മുഖാന്തിരം പ്രതിദിനം ശരാശരി 2.4 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലെത്തുന്നത്. പാലുല്പന്നങ്ങളുടെ കണക്ക് ലഭ്യമല്ല. |
| (ബി) ശുദ്ധമായ പാലും പാലുല്പന്നങ്ങളും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) വിതരണം ചെയ്യുന്ന പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് ഡയറികളിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ലാബോറട്ടറികൾ പ്രവർത്തിക്കുന്നു. പ്രസ്തുത ലബോറട്ടറികളിൽ ആന്റിബയോട്ടിക്ക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പു വരുത്താനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിപണിയിലെ വില നിലവാരം, ഉല്പാദന ചെലവ്, അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ വില എന്നിവ കാലാ-കാലങ്ങളിൽ വിലയിരുത്തിയാണ് പാലിന്റെയും പാലുല്പന്നങ്ങളുടെയും വില നിശ്ചയിക്കുന്നത്. ഇത് വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ ന്യായവിലയാണ്. |

സെക്ഷൻ ഓഫീസർ.